**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- അനുവദിക്കപ്പെടാത്ത തസ്തികയിലെ നിയമനം ക്രമീകരിക്കുന്നതിനായി ഡോ. ആനന്ദ്.എം.എസ്, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) -നെ സ്ഥലം മാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു,

പരാമർശം: 1. സഉ(കൈ) നം.601/2010/ആ.കു.വ തീയതി 18.09.2010
2. ഡോ. ആനന്ദ്.എം.എസ് -ന്റെ അപേക്ഷ

**ഉത്തരവ് നം. ഇ.എ1-1040(1)/18/ആ.വ.ഡ തീയതി 10.10.2018**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരം പുലയനാർകോട്ട നെഞ്ചുരോഗ ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) തസ്തിക പാലക്കാട് മണ്ണാർക്കാട് താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) തസ്തികയായി സ്ഥാനമാറ്റം ചെയ്തിട്ടുണ്ട്. എന്നാൽ ഡോ. ആനന്ദ്.എം.എസ് -നെ നിലവിൽ ഇല്ലാത്ത ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) തസ്തികയിൽ തെറ്റായി നിയമിക്കുകയും ജോലിയിൽ തുടർന്നു വരുകയും ചെയ്യുന്നു.

ആയതിനാൽ പ്രസ്തുത നിയമനം ക്രമീകരിക്കുന്നതിനായി, ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റായ ഡോ. ആനന്ദ്.എം.എസ് -നെ **തിരുവനന്തപുരം പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിൽ** നിലവിൽ ഒഴിവുള്ള ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) തസ്തികയിലേക്ക് സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

ടിയാൻ ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ജീവനക്കാരനും സ്ഥാപന മേധാവികൾക്കും ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ഡോ. ആനന്ദ്.എം.എസ്, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ),
നെഞ്ചുരോഗ ആശുപത്രി പുലയനാർകോട്ട, തിരുവനന്തപുരം

പകർപ്പ്:
1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
3. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ
4. ഫയൽ/ കരുതൽ ഫയൽ.

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**

323

GOVERNMENT OF KERALA 2017-18